# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.57/PR/PIC/PHQ/17 Date : 19.03.2017

---

**എസ്.പി.സി സംസ്ഥാന ക്യാമ്പ്: ചലച്ചിത്രോൽസവം ആരംഭിച്ചു**

പേരൂർക്കട എസ്.എ.പി. ക്യാമ്പിൽ നടക്കുന്ന എസ്.പി.സി. സംസ്ഥാന ക്യാമ്പ് - ചേയ്ഞ്ച് ലീഡേഴ്സ് മീറ്റ് 2017 ന്റെ ഭാഗമായി ദൃശ്യപാഠം ചലച്ചിത്രോൽസവം ആരംഭിച്ചു. എസ്.പി.സി. പഠന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ സ്കൂളുകൾ തയ്യാറാക്കിയ സാമൂഹിക പ്രതിബദ്ധതയുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഇരുപതോളം ഹ്രസ്വചിത്രങ്ങൾ വിവിധ ദിവസങ്ങളിലായി പ്രദർശിപ്പിക്കും. മികച്ച ഹ്രസ്വചിത്രത്തിന് പുരസ്കാരം 25 ന് മുഖ്യമന്ത്രി വിതരണം ചെയ്യും. ക്യാമ്പിന്റെ ഭാഗമായുള്ള കലാസന്ധ്യയുടെ ഉദ്ഘാടനം മജിഷ്യൻ ഗോപിനാഥ് മുതുകാട് നിർവ്വഹിച്ചു. കേഡറ്റുകൾക്ക് ആത്മവിശ്വാസം വളർത്താൻ കുട്ടികളോട് സംവദിച്ചു. കൊച്ചി റേഞ്ച് ഐ.ജി. പി. വിജയൻ, ക്യാമ്പ് കമാണ്ടന്റ് യു. അബ്ദുൾ കരീം എന്നിവർ സംബന്ധിച്ചു.

*******